LIBRARY ARCHIVES Kerala Legislative Assembly

താനൂർ നിയോജകമണ്ഡലത്തിലെ കടിവെള്ള പദ്ധതികൾ

213 (905) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി താനൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ശിപാർശചെയ്ത കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ശേഷിക്കുന്ന പദ്ധതികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാനാകുമെന്ന വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 1. ചെറിയമുണ്ടം പഞ്ചായത്തിലെ പനമ്പാലം കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തി - 50 ലക്ഷം രൂപ.

2. താനൂർ പഞ്ചായത്തിലെ ഓലപീടിക മാലദ്വീപ് കുടിവെള്ള പദ്ധതി - 26 ലക്ഷം രൂപ

(ബി&സി) ഭരണാനുമതി നൽകിയിട്ടില്ല. രണ്ട് പദ്ധതികളുടെയും വിശദമായ എൻജിനീയറിംഗ് റിപ്പോർട്ടുകൾ പരിശോധിച്ച് വരികയാണ്.

മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

214 (906) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിലേക്ക് കുളിമാട് പമ്പിംഗ് സ്റ്റേഷനിൽനിന്നും കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ വിശദമാക്കാമോ ;

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പ്രവർത്തനം ആരംഭിച്ച ജിക്ക പദ്ധതിയിൽനിന്ന് കോഴിക്കോട് മേഖലയ്ക്ക് ആവശ്യമായ ജലം ലഭ്യമാക്കുമ്പോൾ നിലവിൽ മാവൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോഴിക്കോട് പദ്ധതിയുടെ ഉല്പാദനത്തിന്റെ ഒരു ഭാഗം മാവൂർ ചാത്തമംഗലം പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതിനായി സാധ്യതാ പഠനം ജിക്ക അധികൃതരുമായി സംയുക്തമായി നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നു.